## കത്തുകൾ




# റിയൽ എസ്റ്റേറ്റ് ബിസിനസ്സിലെ അധാർമിക പ്രവണതകൾ

കൃത്രിമമായുണ്ടാക്കുന്ന വിലക്കയറ്റം ഇസ്‌ലാം അംഗീകരിക്കുന്നില്ല. പൂഴ്ത്തിവെപ്പിനെ ഇസ്‌ലാം എതിർക്കാനുള്ള പ്രധാന കാരണങ്ങളിലൊന്നാണിത്. 'റിയൽ എസ്റ്റേറ്റ്' എന്ന പേരിൽ ഭൂമിയുടെ വില ക്രമാതീതമായി വർധിപ്പിച്ച് കൊള്ളലാഭം കൊയ്യുന്ന പ്രവണത ഇന്ന് കേരളത്തിലുടനീളം വ്യാപകമായി കണ്ടുവരുന്നു.

സാധാരണക്കാരന് വീടുവെക്കാൻ ഭൂമി വാങ്ങാൻപോലും കഴിയാത്ത അവസ്ഥയിലേക്ക് ഈ ബിസിനസ് കാര്യങ്ങളെത്തിച്ചിരിക്കുന്നു. കച്ചവടക്കാരന്റെ കൈയിൽനിന്ന് കച്ചവടക്കാരനിലേക്കും വീണ്ടും കച്ചവടക്കാരനിലൂടെ ആവശ്യക്കാരന്റെ കൈയിലെത്തുമ്പോഴേക്കും 100-ഉം 150-ഉം 250-ഉം ശതമാനം വരെ വിലവർധിക്കുന്നു. ഇങ്ങനെ കൃത്രിമമായി വിലവർധിപ്പിക്കുന്ന ഈ കച്ചവടം ഇസ്‌ലാം അംഗീകരിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

10 ലക്ഷം രൂപക്ക് ഒരു ഭൂമി 1 ലക്ഷം കൊടുത്ത് കരാറെഴുതുന്നു. താമസിയാതെ ഈ ഭൂമി 15 ലക്ഷത്തിന് വിൽക്കുന്നു. 1 ലക്ഷത്തിന് 5 ലക്ഷം ലാഭം. യഥാർഥത്തിൽ ഈ ലാഭം 10 ലക്ഷത്തിന്റെ വസ്തുവിന്മേലാണ്. 1 ലക്ഷം മുടക്കിയവനും 9 ലക്ഷത്തിന്റെ ആദ്യ ഉടമയും ഈ ലാഭത്തിന് അവകാശികളല്ല. വലിയ അനീതി ഈ ഇടപാടിൽ നടക്കുന്നു. അനർഹവും ചൂഷണാത്മകവുമായ ഈ കച്ചവടലാഭവും പ്രതിഫലവും എങ്ങനെയാണ് അനുവദനീയമാവുക?

ഈ ബിസിനസ്സിലെ ബ്രോക്കർമാരുടെ സാന്നിധ്യവും വലിയ പ്രശ്നമുണ്ടാക്കുന്നു. ഇല്ലാത്ത ഗുണങ്ങൾ പറഞ്ഞും ഉള്ള ദോഷങ്ങൾ മറച്ചുവെച്ചും കച്ചവടത്തിന് പ്രേരിപ്പിക്കുകയും ഇല്ലാത്ത ദോഷങ്ങൾ ഉയർത്തിപ്പിടിച്ചും ഉള്ള ഗുണങ്ങളെ മറച്ചുവെച്ചും കച്ചവടത്തിന് പാരപണിയുകയുമാണ് പല ബ്രോക്കർമാരുടെയും രീതി.

തോട്ടങ്ങളും പറമ്പുകളും വയലുകളും റിയൽ എസ്റ്റേറ്റ് ശൃംഖലയിൽ പെടുന്നതോടെ ഫലഭൂയിഷ്ഠമായ ഭൂമി കൃഷിചെയ്യാതെ തരിശായിടുന്നു. അതോടെ ആ പ്രദേശത്തെ കൂലിപ്പണിക്കാർക്ക് തൊഴിലില്ലാതാകുകയും വളരുന്ന തലമുറക്ക് കാർഷിക വൃത്തിയിൽ താൽപര്യം കുറയുകയും ചെയ്യുന്നു.

റിയൽ എസ്റ്റേറ്റ് മാഫിയകൾക്ക് കച്ചവടം നടന്നേ തീരൂ. അതിനായി എന്ത് നെറികേടു ചെയ്യാനും അവർ മടിക്കാറില്ല. വിശ്വസ്തനായ കച്ചവടക്കാരൻ പരലോകത്ത് പ്രവാചകന്മാരുടെയും രക്തസാക്ഷികളുടെയും ഒപ്പമായിരിക്കുമെന്ന് പഠിപ്പിച്ച മുഹമ്മദ് നബി(സ)യുടെ അനുയായികൾ പക്ഷേ, അത് അനുവദനീയമല്ലെന്നത് മറന്നുകൂടാ. ഇസ്‌ലാമിക പ്രസ്ഥാനപ്രവർത്തകർ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

**കെ.എ മജീദ്, തൃശൂർ**

# തീരദേശപാത ആവശ്യം

*പ്രബോധനം* ലക്കം 42-ലെ 'വികസനത്തിന് വില കൊടുക്കേണ്ടതാര്?' എന്ന മുഖക്കുറിപ്പിൽ താനൂർ-ഗുരുവായൂർ റെയിൽപാതയെക്കുറിച്ച് വന്ന പരാമർശം തെറ്റുധാരണാജനകമാണ്. 'ഗുരുവായൂർ ചെന്ന് തൊഴാനും പുത്തൻപള്ളിയിൽ ചെന്ന് ജാറം മൂടാനും' പോകുന്നവർ മാത്രമല്ല, വ്യവസായ-വാണിജ്യാവശ്യാർഥം കോഴിക്കോട് വലിയങ്ങാടിയിലേക്കും പഠിക്കാനും ചികിത്സിക്കാനും അവിടത്തെ മെഡിക്കൽ കോളേജിലേക്കും മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കും ദിനംപ്രതി പോകുന്ന ആയിരക്കണക്കിനാളുകൾ ഈ പാത പ്രതീക്ഷിച്ചിരിക്കുന്നുണ്ടെന്നതാണ് യാഥാർഥ്യം. നിർദിഷ്ട താനൂർ-ഇടപ്പള്ളി പാത വന്നാൽ കോഴിക്കോട്-കൊച്ചി ദൂരം 36 കിലോമീറ്റർ ദൂരം കുറയും. കോഴിക്കോട് -പൊന്നാനി ലോക്കൽ ബസ് ചാർജ് 45 രൂപ. സമയം 3.30 മണിക്കൂർ. കുറ്റിപ്പുറം -കോഴിക്കോട് ട്രെയിൻ ചാർജ് 12 രൂപ. സമയം 1.15 മണിക്കൂർ. ബസ് ചാർജ് 36 രൂപ. സമയം 2 മണിക്കൂർ. കോഴിക്കോട്-പൊന്നാനി വഴി ട്രെയിൻ വന്നാൽ 14 രൂപയേ വേണ്ടൂ. ലളിതമായ ഈ കണക്കിലൂടെ നിർദിഷ്ട പാത സാധാരണക്കാരന് നൽകുന്ന സൗകര്യവും ലാഭവും ഊഹിക്കാവുന്നതേയുള്ളൂ.

'തീവണ്ടിയില്ലാത്തതുകൊണ്ട് ആ പ്രദേശത്തെ വിഭവങ്ങളൊന്നും കയറ്റിയയക്കപ്പെടാതെ കെട്ടിക്കിടക്കുന്നുമില്ല' എന്നു പറഞ്ഞതും ശരിയല്ല. മത്സ്യബന്ധന കേന്ദ്രങ്ങളായ ഈ പ്രദേശത്തുനിന്നും നൂറുകണക്കിന് ലോറികളിലാണ് മത്സ്യം കയറ്റിയയക്കപ്പെടുന്നത്. ഉണക്കമത്സ്യവും ധാരാളം കയറ്റിപ്പോകുന്നുണ്ട്. സീസണിൽ പാലപ്പെട്ടിയിൽനിന്നു മാത്രം 20 ലോറികളിലാണ് ദിനംപ്രതി കയറ്റിയയക്കപ്പെടുന്നത്. മുരിങ്ങക്കായയും മാങ്ങയും ഇവിടെനിന്ന് തെക്കോട്ടും വടക്കോട്ടും കയറ്റിപ്പോകുന്നുണ്ട്. രാമച്ചവും അടക്കയും ഉത്തരേന്ത്യയിലേക്ക് കയറ്റിയയക്കപ്പെടുന്നു.

താനൂർ-ഗുരുവായൂർ പാതയുടെ പുതിയ അലയ്മെന്റ് കനോലികനാൽ പ്രദേശത്തുകൂടിയാണ്. ശുദ്ധജലം ലഭ്യമല്ലാത്ത ഈ പ്രദേശത്ത് ജനസാന്ദ്രത കുറവാണ്. പാത ചാവക്കാട് വരെ എത്തി പിന്നീട് എറണാകുളത്തേക്കും നീട്ടാവുന്നതാണ്. ബസ്-ലോറി മുതലാളിമാരും മണൽമാഫിയയുമാണ് തീരദേശ പാതയെ എതിർക്കുന്നവർ.

**ഒ.ടി മുഹ്‌യിദ്ദീൻ, വെളിയങ്കോട്**

# 'കാർഷിക ജിഹാദും' വേണം

'കാർഷിക വികസനവും ജനങ്ങളും' എന്ന മുഖക്കുറിപ്പും 'ദുരിതാശ്വാസ പ്രവർത്തകർ കരിമ്പട്ടികയിൽ' എന്ന അബൂസൈനബിന്റെ ലേഖനവും ഒരേ ലക്കം (ലക്കം 39) വാരികയിൽ പ്രസിദ്ധീകരിച്ചത് യാദൃഛികമാവാമെങ്കിലും അവ തമ്മിൽ സാദൃശ്യമുണ്ട്. കാർഷിക വികസനം നമ്മുടെ നിലനിൽപിനു തന്നെ അനിവാര്യമാണ്. അന്യം നിന്നുകൊണ്ടിരിക്കുന്ന കാർഷിക മേഖലയുടെ സംരക്ഷണം ജനങ്ങളും സംഘടനകളും ഏറ്റെടുക്കണമെന്ന മുഖക്കുറിപ്പിലെ നിർദേശം വളരെ പ്രസക്തവും കാലികവുമാണ്. ഇക്കാര്യത്തിൽ നമുക്കെന്തു ചെയ്യാൻ സാധിക്കുമെന്നതിന്റെ ഒരു മാതൃക അബൂസൈനബിന്റെ ലേഖനം വരച്ചുകാട്ടുന്നു. ലബനാനിൽ ഹിസ്ബുല്ല 'ജിഹാദുൽ ബിനാ' എന്ന ഒരു കമ്പനി രൂപീകരിച്ച് ഭവനരഹിതരായവർക്ക് വീടുകൾ നിർമിച്ചുകൊടുക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്തുകൊണ്ട് ജിഹാദിന് പുതിയ മാനം നൽകിയത് ലേഖനത്തിൽ പരാമർശിക്കുന്നു.

ഭവനനിർമാണത്തിന്റെ കാര്യത്തിൽ സോളിഡാരിറ്റിക്കും സമാന അനുഭവങ്ങൾ പങ്കുവെക്കാനുണ്ട്. ഇതേ മാതൃകയിൽ കാർഷിക പ്രതിസന്ധി രൂക്ഷമായ കേരളത്തിൽ ഒരു 'കാർഷിക ജിഹാദ്' ആരംഭിക്കേണ്ടതുണ്ട്. കർഷകരുടെ നിഷ്കളങ്കത ഇടത്തരക്കാർ ചൂഷണം ചെയ്യുന്ന അവസ്ഥക്കും പരിഹാരം കാണേണ്ടതുണ്ട്.

ആഗോളീകരണത്തിന്റെ ഇരകളായി ത്തീർന്ന കർഷകരെയും അവരുടെ കുടുംബാംഗങ്ങളെയും പുനരധിവസിപ്പിക്കാനുള്ള കർമപദ്ധതിക്ക് സോളിഡാരിറ്റി രൂപം നൽകണം.

**ഇബ്റാഹീം ശംനാട്**

# വിമർശിക്കാം; ദുരാരോപണമരുത്

ബാംഗ്ലൂരിൽ നടന്ന പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ(പി.എഫ്.ഐ)യുടെ സമ്മേളനത്തെപ്പറ്റി ദൽഹിയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന *റേഡിയൻസ്* വാരിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ഇതിനെ തങ്ങൾക്കനുകൂലമായ പ്രചാരണായുധമാക്കാൻ എൻ.ഡി.എഫുകാരും അവരുടെ *തേജസ്* ദിനപത്രവും ശ്രമിക്കുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമി എൻ.ഡി.എഫിനെ പിന്തുണക്കുന്നുണ്ടെന്ന് വരുത്തിത്തീർക്കാൻ *വർത്തമാനം* ദിനപത്രവും *സെൻസിംഗ്* എന്ന മാസികയും ഈ റിപ്പോർട്ടിനെ ദുരുപയോഗപ്പെടുത്തുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധമുള്ള ദൽഹിയിലെ 'ബോർഡ് ഓഫ് ഇസ്‌ലാമിക് പബ്ലിക്കേഷൻസി'ന്റെ കീഴിൽ പ്രസിദ്ധീകരിക്കപ്പെടുന്ന *റേഡിയൻസ്* വാർത്തയെന്ന നിലയിൽ മാത്രമാണ് പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. ഇന്ത്യയിലെ വ്യത്യസ്ത മുസ്‌ലിം വിഭാഗങ്ങളുടെ സമ്മേളനങ്ങളുടെയും മറ്റും റിപ്പോർട്ടുകളും വിവിധ മുസ്‌ലിം നേതാക്കളുടെയും പണ്ഡിതന്മാരുടെയും അഭിമുഖങ്ങളും പ്രസ്താവനകളുമൊക്കെ *റേഡിയൻസിൽ* പ്രസിദ്ധീകരിക്കപ്പെടാറുണ്ട്. അതേസമയം, ദക്ഷിണേന്ത്യയിലെ മൂന്ന് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകളുടെ പ്രാദേശിക കൂട്ടായ്മയായ പി.എഫ്.ഐയുടെ പശ്ചാത്തലവും മറ്റും മനസ്സിലാക്കുന്നതിൽ ദൽഹിയിൽനിന്നിറങ്ങുന്ന *റേഡിയൻസിന്* ധാരണപ്പിശകും അബദ്ധവും സംഭവിച്ചിരിക്കാം. ഏപ്രിൽ 8-ന്റെ *റേഡിയൻസിൽ*, പി.എഫ്.ഐയെപ്പറ്റി ശരിയല്ലാത്ത റിപ്പോർട്ട് പ്രസിദ്ധീകരിക്കാനിടവന്നതിൽ പത്രാധിപർ ഖേദം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഏപ്രിൽ 8-ന്റെയും 15-ന്റെയും ലക്കങ്ങളിൽ പി.എഫ്.ഐയെയും എൻ.ഡി.എഫിനെയും തുറന്നുകാണിക്കുന്ന രണ്ട് ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്.

ജമാഅത്തെ ഇസ്‌ലാമിയെ വസ്തുതാപരമായി വിമർശിക്കാവുന്നതാണ്. അതിന്റെ വീക്ഷണങ്ങളോട് വിയോജിക്കാവുന്നതുമാണ്. പക്ഷേ, ദുരാരോപണവും കുപ്രചാരണവും ശരിയല്ല. പ്രതികാരം, പ്രകോപനം, ഒളിച്ചോട്ടം തുടങ്ങിയവക്ക് പ്രതിരോധത്തിന്റെ വർണം നൽകി സമൂഹത്തിൽ കാലുഷ്യം വളർത്തുന്നവരെ യുക്തിയുക്തം എതിർക്കുന്നതിൽ ഒട്ടും വീഴ്ച വരുത്താത്ത പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതുകൊണ്ടുതന്നെയാണ് എൻ.ഡി.എഫ് വൃത്തങ്ങൾ ജമാഅത്തെ ഇസ്‌ലാമിയെ അങ്ങേയറ്റം എതിർക്കുന്നതും.

**പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി**

# വഅ്ള് പുനരുജ്ജീവിപ്പിക്കുമ്പോൾ

വഅ്ള് പുനരുജ്ജീവിപ്പിക്കപ്പെടേണ്ടതുണ്ടെന്ന പി.കെ ജമാലിന്റെ നിരീക്ഷണം (ലക്കം 43) വായിച്ചു. ജനഹൃദയങ്ങളിൽ വിശ്വാസം രൂഢമൂലമാക്കുന്നതിന് വഅ്ളിനുള്ള കഴിവ് തർക്കമറ്റതാണ്. അത് പക്ഷേ, വഅ്ള് നടത്തുന്ന വ്യക്തിയുടെ ഖുർആനിക്കായ ഉൾക്കാഴ്ചയുടെയും വിവേകത്തിന്റെയും ദൈവഭക്തിയുടെയും തോതനുസരിച്ചിരിക്കും. അല്ലാത്തപക്ഷം അത് ശ്രോതാക്കളിൽ അവശേഷിപ്പിക്കുന്നത് അബദ്ധജടിലമായ അന്ധവിശ്വാസങ്ങളും വിദ്വേഷവുമൊക്കെയായിരിക്കും.

കേരളീയ മുസ്‌ലിം സ്ത്രീകളിൽ വലിയൊരു വിഭാഗം സന്ധ്യയാവുന്നതോടെ ടി.വി സീരിയലുകളിലേക്ക് കൂപ്പുകുത്തുന്ന ഇക്കാലത്ത് പഴയതുപോലെ രാപ്രസംഗങ്ങൾക്ക് ആളെ കിട്ടുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല. അതേസമയം ഒരു ഇസ്‌ലാമിക് ചാനലിന് പലതും ഫലപ്രദമായി ചെയ്യാൻ കഴിയും. അതേകുറിച്ച് ഗൗരവമായ ആലോചനകൾ നടക്കേണ്ടതുണ്ട്.

**പി.എച്ച് നസീർ, ചങ്ങനാശ്ശേരി**

'വഅ്ള്: പ്രസക്തിയും പ്രാധാന്യവും' എന്ന ശീർഷകത്തിൽ വന്ന ലേഖനം വായിച്ചു. മാതൃഭാഷയിൽ ഖുത്‌ബ നടക്കുന്ന പള്ളികളിൽ പോവാത്ത പുരുഷന്മാർക്കും വനിതകൾക്കും വേണ്ടി വിഷയാധിഷ്ഠിതമായ ഇസ്‌ലാമിക പ്രഭാഷണ പരമ്പരകൾ അനിവാര്യമായ കാലഘട്ടമാണിത്. വിഭിന്ന കക്ഷികളെ പോസ്റ്റ്മോർട്ടം നടത്തുന്ന 'വഷളു'കളായി അവ അധഃപതിക്കരുത് എന്ന് മാത്രം. തിരൂർ മസ്ജിദുസ്സ്വഫായിൽ വർഷങ്ങളോളം ജുമുഅ ഖുത്‌ബ നടത്തിയിരുന്നത് മർഹൂം കെ.എൻ അബ്ദുല്ല മൗലവിയായിരുന്നു. ഒരിക്കൽ ഖുത്‌ബ ശ്രവിച്ച ഒരു വൃദ്ധൻ കരഞ്ഞുപോയി. കാരണമെന്തെന്നാരാഞ്ഞവരോട് 'ഇപ്പോഴാണ് വെള്ളിയാഴ്ച നടത്തപ്പെടുന്ന ഖുത്‌ബയുടെ പ്രാധാന്യം എനിക്ക് മനസ്സിലായത്. നഷ്ടപ്പെട്ട എന്റെ ആയുസ്സിനെപ്പറ്റി ആലോചിച്ച് കരഞ്ഞുപോയതാണ്' എന്ന് അദ്ദേഹം മറുപടി പറഞ്ഞു. ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടുന്നതിനു മുമ്പ് സ്ഥാപനങ്ങളുടെ നിർമാണത്തിന് സംഭാവന ലഭിക്കുന്നതിനുവേണ്ടി എന്റെ നാട്ടുകാരനായ സുന്നി പണ്ഡിതൻ മർഹൂം കെ.പി.എ മുഹ്‌യിദ്ദീൻ കുട്ടി മൗലവി(പറവണ്ണ) ഇസ്സുദ്ദീൻ മൗലവിയെക്കൊണ്ട് മതപ്രസംഗവേദികളിൽ പ്രഭാഷണങ്ങൾ നടത്തിച്ചിരുന്നു. മുമ്പ് ജുമുഅ ഖുത്‌ബകൾ വിഷയാധിഷ്ഠിതവും പഠനാർഹവും ആയിരുന്നു. ഇന്ന് പല ഖുത്‌ബകളും ഗ്രൂപ്പിസത്തിന്റെ സ്വാധീനത്തിൽ നിന്ന് മുക്തമല്ല.

**കെ.വി.ഒ അബ്ദുർറഹ്മാൻ**
**പറവണ്ണ**

# ലൈംഗിക വിദ്യാഭ്യാസ പദ്ധതിക്കു പിന്നിൽ

മുതലാളിത്ത വ്യവസ്ഥിതിയും അത് സൃഷ്ടിച്ചെടുത്ത കമ്പോള സംസ്കാരവും ജീവിതത്തിന്റെ സമസ്ത മേഖലകളെയും കൊക്കിലൊതുക്കാനുള്ള കഠിന യത്നത്തിലാണിന്ന്. ലാഭ-ചേതങ്ങൾ മാത്രം വിലയിരുത്തി കാര്യങ്ങൾ തീർപ്പാക്കുന്ന ഇന്നത്തെ അവസ്ഥ മനുഷ്യനെ സ്വാർഥനാക്കുകയും കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുകയും ചെയ്യുന്നു.

യുവതലമുറയുടെ ചിന്താശേഷിയെ രതിയുടെ ഭ്രമാത്മകതകളിൽ തളച്ചിട്ട് അവരെ നിർവീര്യരും നിഷ്ക്രിയരുമാക്കി മാറ്റാനാണ് മുതലാളിത്തം യത്നിക്കുന്നത്. കൗമാരമനസ്സുകളെ താളം തെറ്റിക്കുകയെന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത ലൈംഗിക വിദ്യാഭ്യാസ പദ്ധതിയും അതിന്റെ ഭാഗം മാത്രമാണ്.

എയിഡ്സ് ബാധിതരായ 15 വയസ്സിൽ താഴെ പ്രായമുള്ള 23 ലക്ഷം കുട്ടികളുണ്ടെന്ന് യൂനിസെഫ് 2006-ൽ പുറത്തിറക്കിയ പഠന റിപ്പോർട്ടിൽ പറയുന്നു. ഓരോ വർഷവും 6,50,000 കുട്ടികൾ വീതം എച്ച്.ഐ.വി ബാധിതരാകുന്നതായും പ്രസ്തുത റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നുണ്ട്. 'രാജ്യത്തെ പകുതിയിൽ അധികം കുട്ടികളും ലൈംഗിക പീഡനത്തിന് ഇരയാകുന്നു'വെന്ന കേന്ദ്ര സർക്കാർ ഈയിടെ പുറത്തിറക്കിയ പഠന റിപ്പോർട്ട് കൂടി ഇതോടൊപ്പം ചേർത്ത് വായിക്കുക. എന്നാൽ എയിഡ്സ് വ്യാപനത്തിന് തടയിടാനെന്ന പേരിൽ പടച്ചുണ്ടാക്കിയ 'കൗമാര വിദ്യാഭ്യാസ പദ്ധതി' വിപരീത ഫലമുളവാക്കുകയില്ലെന്നതിന് എന്ത് ഉറപ്പാണുള്ളത്?

**അബൂനജാദ് ആലുവ, മസകത്ത്**